2024
JULY
19
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## നീറ്റ്, യുജി ചോദ്യപേപ്പർ ചോർച്ച: പട്ന എയിംസിലെ 4 മെഡിക്കൽ വിദ്യാർഥികൾ കസ്റ്റഡിയിൽ

**പട്ന:** നീറ്റ്, യുജി ചോദ്യപേപ്പർ ചോർത്തൽ കേസിൽ പട്ന എയിംസിലെ നാലു മെഡിക്കൽ വിദ്യാർഥികളെ സിബിഐ ചോദ്യം ചെയ്യാൻ കസ്റ്റഡിയിലെടുത്തു. ചോർത്തിയ ചോദ്യപേപ്പറിന്റെ ഉത്തരങ്ങൾ തയാറാക്കിയത് ഇവരാണെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സിബിഐ നടപടി. എയിംസ് ഹോസ്റ്റലിൽ റെയ്ഡ് നടത്തിയ സിബിഐ സംഘം ഈ വിദ്യാർഥികളുടെ ലാപ്ടോപും മൊബൈൽ ഫോണുകളും പിടിച്ചെടുത്തു. ഇവരുടെ മുറികൾ പൂട്ടി മുദ്രവച്ചു.

കേസിൽ അറസ്റ്റിലായ പങ്കജ് കുമാർ, രാജ്കുമാർ സിങ് എന്നിവരുടെ മൊഴികളുടെ അടിസ്ഥാനത്തിലാണ് എയിംസ് വിദ്യാർഥികളെ കസ്റ്റഡിയിലെടുത്തത്. ജാർഖണ്ഡ് ഹസാരിബാഗിലെ പരീക്ഷാകേന്ദ്രത്തിൽ നിന്നു ചോദ്യപേപ്പർ മോഷ്ടിച്ചതു പങ്കജ് കുമാറും രാജ്കുമാർ സിങ്ങും ചേർന്നാണെന്നു സിബിഐ കരുതുന്നു. ചോദ്യപേപ്പർ ചോർത്തലിന്റെ മുഖ്യ സൂത്രധാരനായ രാകേഷ് രഞ്ജനെ നളന്ദയിൽ നിന്ന് അറസ്റ്റ് ചെയ്തിരുന്നു. കേസിൽ ഇതിനകം 14 പേരെയാണ് സിബിഐ അറസ്റ്റ് ചെയ്തത്.

### അട്ടിമറിയെന്ന് സംശയം

## ചണ്ഡിഗഡ് എക്സ്പ്രസിന്റെ 8 ബോഗികൾ പാളം തെറ്റി: 4 മരണം



**ഗോണ്ട:** ഉത്തർപ്രദേശിലെ ഗോണ്ടയിൽ ചണ്ഡിഗഡ് ദിബ്രുഗഡ് എക്സ്പ്രസിന്റെ 8 ബോഗികൾ പാളം തെറ്റി. അപകടത്തിൽ 4 പേർ മരിച്ചു, 20 പേർക്ക് പരുക്കേറ്റു. വ്യാഴാഴ്ച ഉച്ചയോടെയാണ് ചണ്ഡിഗഡിൽ നിന്നു ഗോരഖ്പുർ വഴി അസമിലെ ദിബ്രുഗഡിലേക്കു പോവുകയായിരുന്ന ട്രെയിൻ ഗോണ്ടയിലെ ജിലാഹി സ്റ്റേഷനു സമീപം പാളം തെറ്റി മറിഞ്ഞു വീണത്. തുടർന്ന് ഈ വഴിയുള്ള രണ്ടു ട്രെയിനുകൾ റദ്ദാക്കുകയും 11 എണ്ണം വഴിതിരിച്ചുവിടുകയും ചെയ്തു.

സംഭവസ്ഥലത്ത് 40 പേരടങ്ങുന്ന മെഡിക്കൽ സംഘവും 15 ആംബുലൻസുകളും സജ്ജമാണെന്ന് ഉത്തർപ്രദേശ് ദുരിതാശ്വാസ കമ്മിഷണർ ജി.എസ്.നവീൻ കുമാർ അറിയിച്ചു. പാളം തെറ്റുന്നതിനു മുൻപായി ബോഗികളിലൊന്നിൽനിന്നും പൊട്ടിത്തെറി ശബ്ദം കോട്ടതായി ലോക്കോ പൈലറ്റ് ദേശീയമാധ്യമങ്ങളോടു പറഞ്ഞു. സംഭവത്തിന്റെ കാരണം ഇനിയും വ്യക്തമല്ല.

അപകടത്തിൽ റെയിൽവെ മന്ത്രാലയത്തെ കുറ്റപ്പെടുത്തി തൃണമൂൽ കോൺഗ്രസ് എംപിമാർ രംഗത്തെത്തി. ഇന്ത്യൻ റെയിൽവേയ്ക്ക് മന്ത്രി നാണക്കേടുണ്ടാക്കുന്നെന്നും കവച് സുരക്ഷാ സംവിധാനം നടപ്പാക്കുന്നതിനു മുൻഗണന നൽണമെന്നും എംപി മഹുവ മൊയ്ത്ര പറഞ്ഞു.



# സുഖോയ് യുദ്ധവിമാനങ്ങൾ കയറ്റുമതി ചെയ്യാൻ ഇന്ത്യ

**ന്യൂഡൽഹി:** പ്രതിരോധ രംഗത്ത് ഇന്ത്യയുടെ കുന്തമുനയായ സുഖോയ് യുദ്ധവിമാനങ്ങൾ കയറ്റുമതി ചെയ്യാൻ ധാരണ. വിമാനത്തിന്റെ ഇന്ത്യയിലെ നിർമാതാക്കളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡും റഷ്യൻ സുഖോയിസും തമ്മിൽ ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നതായി യുറേഷ്യൻ ടൈംസ് റിപ്പോർട്ട് ചെയ്തു. ഉൽപാദനത്തെ പിന്തുണയ്ക്കാൻ റഷ്യ സമ്മതിച്ചതായാണ് വിവരം.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യൻ സന്ദർശന വേളയിലാണ് കയറ്റുമതി ഉൽപാദനത്തിന് ഇരുരാജ്യങ്ങളും യോജിച്ച് പ്രവർത്തിക്കാമെന്ന് ധാരണയായത്. മേക്ക് ഇൻ ഇന്ത്യ പദ്ധതിക്കു കീഴിലായിരിക്കും സുഖോയ് എസ്യു 30എംകെഐ വിമാനങ്ങൾ നിർമിച്ച് കയറ്റുമതി ചെയ്യുക. അടുത്തിടെ ഫിലിപ്പീൻസിലേക്ക് ബ്രഹ്മോസ് സൂപ്പർ സോണിക് ക്രൂസ് മിസൈലുകൾ ഇന്ത്യ കയറ്റുമതി ചെയ്തിരുന്നു.

ഇന്ത്യയിൽ സുഖോയ് എസ്യു 30എംകെഐയുടെ ഉത്പാദനം പുനരാരംഭിച്ച് മറ്റു രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനാണ് ഇന്ത്യയും റഷ്യയും ചർച്ച നടത്തിയത്. നിലവിൽ ആവശ്യക്കാർ ഇല്ലാത്തതിനാൽ സുഖോയ് വിമാനത്തിന്റെ അസംബ്ലി ലൈൻ എച്ച്എഎൽ വൈകാതെ അവസാനിപ്പിക്കും. നാസിക്കിലെ ഡിവിഷനിൽ മിഗ് ശ്രേണിയിലുള്ള യുദ്ധവിമാനങ്ങളുടെയും സുഖോയ് എസ്യു 30എംകെഐയുടെയും അറ്റകുറ്റപ്പണികളും മറ്റു ജോലികളും തുടരാനാണ് നീക്കം. കഴിഞ്ഞ 20 വർഷം കൊണ്ട് സുഖോയ് യുദ്ധവിമാനത്തിന്റെ നിർമാണത്തിനായി 2000ലധികം ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സഹായമാണ് എച്ച്എഎൽ ഉപയോഗപ്പെടുത്തിയത്.

നിലവിൽ വ്യോമസേനയുടെ കയ്യിലുള്ള യുദ്ധവിമാനങ്ങളിൽ ഏറ്റവും മികച്ചതാണ് സുഖോയ് എസ്യു 30എംകെഐ വിമാനങ്ങൾ. വ്യോമസേനയുടെ പക്കലുള്ള സുഖോയ് യുദ്ധവിമാനങ്ങളുടെ നവീകരണം നടക്കുന്നുണ്ട്. 272 സുഖോയ് എസ്യു 30എംകെഐ വിമാനങ്ങളാണ് വ്യോമസേനയ്ക്കുള്ളത്. ഇതിൽ 50 എണ്ണം റഷ്യയിലും 222 എണ്ണം എച്ച്എഎല്ലിന്റെ നാസിക്കിലെ പ്ലാന്റിലുമാണ് നിർമിച്ചത്. ഇതിൽ 40 വിമാനങ്ങൾക്ക് മാത്രമേ സൂപ്പർ സോണിക് ക്രൂസ് മിസൈലായ ബ്രഹ്മോസിനെ വഹിക്കാനുള്ള ശേഷിയുള്ളൂ.

വ്യോമസേനയ്ക്ക് ലഭിക്കാനിരിക്കുന്ന 12 സുഖോയ് വിമാനങ്ങൾ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെയായിരിക്കും നിർമിക്കുക. റഷ്യയുടെ സഹായത്തോടെ ഇന്ത്യയിലാകും നിർമാണം. കൂടുതൽ തദ്ദേശീയമായ ഉപകരണങ്ങളും പുതിയ സുഖോയ് എസ്യു 30എംകെഐ വിമാനത്തിൽ ഉണ്ടായിരിക്കും. ഇന്ത്യൻ നിർമിത ആയുധ സംവിധാനങ്ങളും റഡാറുകളും ഉപയോഗിക്കും. ഇന്ത്യയെ കൂടാതെ ചൈന, അൾജീരിയ, ഇന്തോനീഷ്യ, മലേഷ്യ, ഉഗാണ്ട, വെനസ്വേല, വിയറ്റ്നാം എന്നിവിടങ്ങളിലാണ് സുഖോയ് എസ്യു 30എംകെഐ യുടെ വിവിധ പതിപ്പുകൾ ഉപയോഗിക്കുന്നത്.

## ശുചിത്വ പരിശോധന: സംസ്ഥാനത്ത് 107 ഹോട്ടലുകൾ പൂട്ടി

**തിരുവനന്തപുരം:** ഓപ്പറേഷൻ ലൈഫിൻറെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് രണ്ട് ദിവസത്തെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചു. പകർച്ചവ്യാധി പ്രതിരോധത്തിൻറെ ഭാഗമായി ആരോഗ്യ മന്ത്രി വീണാ ജോർജിൻറെ നിർദേശ പ്രകാരമാണ് പരിശോധനകൾ നടത്തിയത്. മുന്നറിയിപ്പില്ലാതെയാണ് പരിശോധനകൾ നടത്തിയത്.

നകാലവർഷവുമായി ബന്ധപ്പെട്ട് ഹോട്ടലുകൾ, റെസ്റ്റോറൻറുകൾ തുടങ്ങിയ ഭക്ഷ്യ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും ശുചിത്വം ഉറപ്പ് വരുത്തുകയായിരുന്നു ലക്ഷ്യം.

ജീവനക്കാരുടെ ഹെൽത്ത് കാർഡ്, വ്യക്തി ശുചിത്വം, പാചകത്തിന് ഉപയോഗിക്കുന്ന വെള്ളം തുടങ്ങിയവ പരിശോധിച്ചു.




രണ്ട് ദിവസത്തെ സ്പെഷ്യൽ ഡ്രൈവിൽ സംസ്ഥാന വ്യാപകമായി 2644 സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തി.

സംസ്ഥാനത്തുടനീളം 134 സ്ക്വാഡുകളാണ് പരിശോധനകൾ നടത്തിയത്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 107 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പ്പിച്ചു. 700ൽപരം സ്ഥാപനങ്ങൾക്ക് നോട്ടീസുകളും നൽകി

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

# ഇന്റഗ്രേറ്റഡ് എംബിഎ, എംസിഎ കോഴ്സുകളിൽ പ്രവേശനം ആരംഭിച്ചു

**കൊച്ചി:** എറണാകുളം കെഎംഎം ആർടസ് ആന്റ് സയൻസ് കോളജിൽ ഇന്റഗ്രേറ്റഡ് എംബിഎ, എംസിഎ കോഴ്സുകൾക്ക് പ്രവേശനം ആരംഭിച്ചു.എംജി യൂണിവേഴ്സിയുടെ അഫിലിയേഷനും, ഓൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റെ (എഐസിടിഇ) അംഗീകാരവുമുള്ള ഇന്റഗ്രേറ്റഡ് കോഴ്സുകളുടെ കാലാവധി അഞ്ചു വർഷമാണ്. പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. ഡിഗ്രി കോഴ്സുകളായ ബിഎസ്സി ഫുഡ് ടെക്നോളജി, ബിഎസ്സി മൈക്രോ ബയോളജി, ബിഎസ്സി സൈബർ ഫോറൻസിക്, ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ടെക്നോളജി, ബി എ അനിമേഷൻ എന്നിവയ്ക്കൊപ്പം പുതു തലമുറ കോഴ്സുകളിലേക്കും പ്രവേശനം തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക് 9895545924, 9400939888 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



ഐഎംഎ കൊച്ചി, റോട്ടറി തൃപ്പൂണിത്തുറ റോയൽ, ഫ്യൂച്ചറസ് ഹോസ്പിറ്റൽ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ഇൻഫോപാർക്ക് ഫേസ്2 ട്രാൻസഷ്യ ബിൽഡിംഗിൽ സംഘടിപ്പിച്ച രക്തദാന ക്യാംപിൽ റോട്ടറി തൃപ്പൂണിത്തുറ റോയൽ പ്രസിഡന്റ് രാജേഷ് കുമാർ സംസാരിക്കുന്നു.

# രക്തദാന ക്യാംപ് സംഘടിപ്പിച്ചു

**കൊച്ചി:** ഐഎംഎ കൊച്ചി, റോട്ടറി തൃപ്പൂണിത്തുറ റോയൽ, ഫ്യൂച്ചറസ് ഹോസ്പിറ്റൽ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ രക്തദാന ക്യാംപ് സംഘടിപ്പിച്ചു. ഇൻഫോപാർക്ക് ഫേസ്2 ട്രാൻസഷ്യ ബിൽഡിംഗിൽ നടന്ന ക്യാംപ് തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള ഉദ്ഘാടനം ചെയ്തു. ഐഎംഎ കൊച്ചി പ്രതിനിധി ഡോ. സലിം, റോട്ടറി തൃപ്പൂണിത്തുറ റോയൽ പ്രസിഡന്റ് രാജേഷ് കുമാർ, എസ് രാമചന്ദ്രൻ, ശ്യാംകുമാർ ബാലകൃഷ്ണൻ, ഐസക് കെ വർഗീസ്, ഫ്യൂച്ചറസ് ഹോസ്പിറ്റൽ ജനറൽ മാനേജർ എം ഷിയാസ്, ബിസിനസ് റിലേഷൻ മാനേജർ പി .ഷജി തുടങ്ങിയവർ സംസാരിച്ചു.

# ഇന്ത്യയിലെ ബിസിനസുകൾക്ക് വെരിഫൈഡ് സബ്സ്ക്രിപ്ഷനുമായി മെറ്റ

**കൊച്ചി :** ഇന്ത്യയിലെ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നിവയിലെ ബിസിനസുകൾക്കായി മെറ്റ മെറ്റ വെരിഫൈഡ് സബ്സ്ക്രിപ്ഷൻ പ്ലാനുകൾ അവതരിപ്പിച്ചു. തങ്ങളുടെ ആപ്പുകളിൽ ബിസിനസ്സുകളെ അവരുടെ ലക്ഷ്യങ്ങൾ നേടുവാൻ സഹായിക്കുന്നതിന് മെറ്റ എങ്ങനെയാണ് സബ്സ്ക്രിപ്ഷൻ ടൂൾകിറ്റ് വാഗ്ദാനം ചെയ്യുന്നത് എന്നറിയാനുള്ള പരീക്ഷണത്തിന് തുടക്കമിട്ടുകൊണ്ട്, ബിസിനസ്സുകൾക്കായി കമ്പനി കഴിഞ്ഞ വർഷം മെറ്റാ വെരിഫൈഡ് അവതരിപ്പിച്ചു.

മെറ്റ പ്രാരംഭ ടെസ്റ്റ് സബ്സ്ക്രിപ്ഷൻ പ്ലാൻ ഒന്നിൽ നിന്ന് നാലായി വിപുലീകരിക്കുമെന്നും ഈ വർഷം ആദ്യം മെറ്റ പ്രഖ്യാപിച്ചിരുന്നു, അതിനെ തുടർന്ന് കഴിഞ്ഞ മാസം കോൺവർസേഷൻസ് കോൺഫറൻസിൽ പ്രഖ്യാപിച്ചുകൊണ്ട് കമ്പനി വാട്ട്സ്ആപ്പിലെ ബിസിനസുകൾക്കായി മെറ്റാ വെരിഫൈഡ് ലോഞ്ച് ചെയ്തു.

# ആമസോൺ പ്രൈം ഡേയിൽ ഓഫറുകളുമായി ആമസോൺ പേ

**തിരുവനന്തപുരം:** ഈ മാസം 20, 21 തീയതികളിലായി നടത്തുന്ന ആമസോൺ പ്രൈം ഡേയിൽ മികച്ച ഓഫറുകളുമായി ആമസോൺ പേ. പ്രൈം ഡേയിൽ ആമസോൺ പേ ഐസിഐസിഐ ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് 5% ക്യാഷ്ബാക്ക് ലഭിക്കും.

പ്രൈം ഡേ വേളയിൽ പുതിയ കാർഡിന് അപേക്ഷിക്കുന്നവർക്ക് പ്രൈം അംഗത്വത്തോടെ 2,750 രൂപ വരെയോ അല്ലെങ്കിൽ പ്രൈം ഇല്ലാതെ 2000 രൂപ വരെയോ വെൽക്കം ബോണസ് നേടാം. ആമസോൺ പ്രൈം ഡേയിൽ ആമസോൺ പേ ഉപയോഗിച്ചുള്ള ഊബർ റൈഡ് പേയ്മെന്റിന് 5% ക്യാഷ്ബാക്ക് ലഭിക്കും.

കൂടാതെ ട്രാവൽ ഡീലുകൾ, ബില്ലുകൾ അടയ്ക്കുമ്പോൾ ക്യാഷ്ബാക്ക് ഉൾപ്പെടെ നിരവധി ഓഫറുകളാണ് ആമസോൺ പേ ഒരുക്കിയിട്ടുള്ളത്.



ആദിത്യ ചൈതന്യ കണ്ണാശുപത്രിയുടെ പ്രവർത്തോനോദ്ഘാടനം ഉമ തോമസ് എം.എൽ.എ, ഡോ.അമ്മു ഭാസ്കർ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു. ഡോ.സുനിൽ ഭാസ്കർ, നൗഷാദ് പള്ളച്ചി,രാധാമണി പിള്ള, സുനീറ ഫിറോസ്, പി എം യൂനസ്, ഡോ .ആർ .ഉണ്ണികൃഷ്ണൻ നായർ എന്നിവർ സമീപം.

# ആദിത്യ ചൈതന്യ കണ്ണാശുപത്രി പ്രവർത്തനമാരംഭിച്ചു

**കൊച്ചി :** തൃക്കാക്കര ജഡ്ജി മുക്കിൽ പ്രവർത്തിക്കുന്ന ആദിത്യ കണ്ണാശുപത്രി നേത്രചികിത്സാ രംഗത്തെ മുൻനിരക്കാരായ ചൈതന്യ കണ്ണാശുപത്രിയുമായി സഹകരിച്ച് പ്രവർത്തനം ആരംഭിച്ചു. ആദിത്യ ചൈതന്യ ഐ ഹോസ്പിറ്റൽ എന്ന പേരിൽ ആരംഭിച്ച ആശുപത്രിയുടെ ഉദ്ഘാടനം ഉമ തോമസ് എം.എൽ.എ നിർവ്വഹിച്ചു. ചടങ്ങിൽ തൃക്കാക്കര മുനിസിപ്പൽ ചെയർപേഴ്സൺ രാധാമണി പിള്ള അദ്ധ്യക്ഷത വഹിച്ചു.

രോഗികൾക്ക് നേത്രചികിത്സാ രംഗത്തെ ഏറ്റവും മികച്ച പരിചരണം ഉറപ്പാക്കുകയാണ് ആദിത്യയുമായുള്ള സഹകരണത്തോടെ ചൈതന്യ ഐ ഹോസ്പിറ്റൽ ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യം വയ്ക്കുന്നതെന്ന് മെഡിക്കൽ ഡയറക്ടർ ഡോ .ആർ .ഉണ്ണികൃഷ്ണൻ നായർ പറഞ്ഞു.

ആദിത്യ ചൈതന്യ കണ്ണാശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ . സുനിൽ ഭാസ്കർ ,തൃക്കാക്കര മുനിസിപ്പൽ വൈസ് ചെയർമാൻ പി എം യൂനസ്, കൗൺസിലർമാരായ നൗഷാദ് പള്ളച്ചി, സുനീറ ഫിറോസ്, ആശുപത്രി സി.ഒ.ഒ .രാജരത്നം തുടങ്ങിയവർ പ്രസംഗിച്ചു.

# ഫെഡറൽ ബാങ്കിന്റെ ആലുവ കറൻസി ചെസ്റ്റ് പുതിയ കെട്ടിടത്തിൽ

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ ആലുവ കറൻസി ചെസ്റ്റ് അശോകപുരത്തെ പുതിയ കെട്ടിടത്തിലേക്കു മാറി പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തെ ഏറ്റവും വലിയ കറൻസി ചെസ്റ്റാണിതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

പുതിയ കറൻസി ചെസ്റ്റിന്റെ ഉദ്ഘാടനം റിസർവ് ബാങ്ക് കേരള ലക്ഷദ്വീപ് റീജണൽ ഡയറക്ടർ തോമസ് മാത്യു നിർവഹിച്ചു. ഫെഡറൽ ബാങ്ക് എംഡിയും സി ഇ ഒയുമായ ശ്യാം ശ്രീനിവാസൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ, സി എഫ് ഒ വെങ്കട്ടരാമൻ വെങ്കടേശ്വരൻ, ഓപ്പറേഷൻസ് ഹെഡ് ബാബു തോമസ്, കോർപ്പറേറ്റ് സർവീസസ് ഡിപ്പാർട്മെന്റ് ഹെഡ് റെജി സി വി തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.



സംസ്ഥാനത്തെ ഏറ്റവും വലിയ ആധുനിക കറൻസി ചെസ്റ്റ് സ്ഥാപിച്ചത് ആർബിഐയുടെ ക്ലീൻ നോട്ട് നയം സുഗമമായി നടപ്പിലാക്കാൻ സഹായകമാകുമെന്ന് റിസർവ് ബാങ്ക് കേരള ലക്ഷദ്വീപ് റീജണൽ ഡയറക്ടർ തോമസ് മാത്യു പറഞ്ഞു. കേരളത്തിലെ മിക്ക കറൻസി ചെസ്റ്റുകളും ചെറുതോ വളരെ ചെറിയവയോ ആണ്. യോഗ്യമല്ലാത്ത കറൻസി നോട്ടുകൾ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിനും നിലവാരമുള്ള നോട്ടുകൾ വിതരണം ചെയ്യുന്നതിനും വെല്ലുവിളി നേരിടുന്നുണ്ട്. ബാങ്കുകളും സ്ഥാപനങ്ങളും പൊതുജനങ്ങളും നേരിടുന്ന പരിമിതികൾ ലഘൂകരിക്കാൻ കറൻസി ചെസ്റ്റ് സഹായകമാകുമെന്ന് അദ്ദേഹം ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു.

നൂതന ബാങ്കിങ് സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് ഫെഡറൽ ബാങ്ക് സംസ്ഥാനത്തെ ഏറ്റവും വലിയ കറൻസി ചെസ്റ്റ് തുറക്കുന്നത്.

സമയബന്ധിതമായി ആവശ്യാനുസരണം കറൻസി നോട്ടുകളുടെ വിതരണത്തിനും സംഭരണത്തിനുമുള്ള സംവിധാനം ശക്തിപ്പെടുത്താനും വിവിധ ബാങ്ക് ശാഖകളിലേക്കും എടിഎമ്മുകളിലേക്കും നോട്ടുകളുടെ വിതരണം ഉറപ്പാക്കാനും അതുവഴി ക്യാഷ് ഫ്ലോ മാനേജ്മെന്റിനെ മെച്ചപ്പെടുത്താനും ഫെഡറൽ ബാങ്ക് കറൻസി ചെസ്റ്റിലൂടെ സാധ്യമാവുമെന്ന് ഫെഡറൽ ബാങ്ക് ഗ്രൂപ്പ് പ്രസിഡന്റും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ വെങ്കട്ടരാമൻ വെങ്കടേശ്വരൻ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ക്ളയന്റ് അസോസിയേറ്റ്സിന് കൊച്ചിയിൽ പുതിയ ശാഖ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ മൾട്ടിഫാമിലി ഓഫീസായ ക്ലയന്റ് അസോസിയേറ്റ്സ് (സിഎ), കൊച്ചിയിൽ പുതിയ ബ്രാഞ്ച് ആരംഭിക്കും. ഇതോടെ കേരളത്തിലെ സിഎ സാന്നിധ്യം വിപുലീകരിക്കും. കൂടാതെ, ഇന്ത്യയിലുടനീളമുള്ള ഒൻപത് ശാഖകളിലേക്ക് സിഎ യുടെ ദേശീയ സാന്നിധ്യവുമാകും. കൊച്ചിയിൽ പരിചയസമ്പന്നരായ വെൽത്ത് മാനേജ്മെന്റ് പ്രൊഫഷണലുകളുടെ ടീമിനെ നിയോഗിക്കാനാണ് ക്ലയന്റ് അസോസിയേറ്റ്സ് ലക്ഷ്യമിടുന്നതെന്ന് ക്ലയന്റ് അസോസിയേറ്റ്സ് സഹസ്ഥാപകൻ രോഹിത് സരിൻ പറഞ്ഞുക്ലയന്റുകൾക്ക് ഫാമിലി ഓഫീസ്, എസ്റ്റേറ്റ് പ്ലാനിംഗ്, ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗ്, റിയൽ എസ്റ്റേറ്റ് അഡ്വൈസറി, ലെൻഡിംഗ് സൊല്യൂഷനുകൾ എന്നിവയുൾപ്പെടെ സ്ഥാപനത്തിന്റെ സമഗ്രമായ സേവനങ്ങളും ഉറപ്പാക്കും. അതിവേഗം വളർച്ച കൈവരിക്കുന്ന ദക്ഷിണേന്ത്യൻ വെൽത്ത് മാനേജ്മെന്റ് മാർക്കറ്റ് പ്രത്യേകിച്ച് കൊച്ചി, സമീപഭാവിയിൽ ഉയർന്ന ആസ്തിയുള്ള വ്യക്തികളുടെ എണ്ണത്തിൽ ഗണ്യമായ വർധനയാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ ശക്തമായ സാമ്പത്തിക വളർച്ചയും, വൈവിധ്യമാർന്ന നിക്ഷേപ അവസരങ്ങളും എൻആർഐകളെ ഇവിടെ തന്നെ നിക്ഷേപിക്കാൻ ആകർഷിക്കുന്നു. എൻആർഐകളുടെ സമ്പത്ത് ഇന്ത്യയിലേക്ക് തിരിച്ചുവിടുന്ന പ്രവണത വർധിക്കുകയാണ്.

കേരളത്തിലെ എൻആർഐ ജനസംഖ്യയുടെ ആധിക്യമാണ് ഇവിടേക്ക് ശ്രദ്ധ ചെലുത്താൻ കാരണം. 6.1 ബില്യൺ ഡോളർ ആസ്തി കൈകാര്യം ചെയ്യുന്ന 2002ൽ സ്ഥാപിതമായ ക്ലയന്റ് അസോസിയേറ്റ്സിനു 250ലധികം പ്രൊഫഷണലുകളടങ്ങിയ ടീമിന്റെ പിന്തുണയും ഉണ്ട്.

സംരംഭകത്വ മനോഭാവവും സാമ്പത്തിക ചടുലതയും നിറഞ്ഞ നഗരമായ കൊച്ചിയിൽ സാന്നിധ്യം ഉറപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് രോഹിത് സരിൻ പറഞ്ഞു.

# 'ബിയോണ്ട് ടുമാറോ' കോൺഫറൻസുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** നൂതനസാങ്കേതികവിദ്യയിൽ സർഗ്ഗാത്മകതയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിനും അതുവഴി സുസ്ഥിരമായ സാങ്കേതികവിദ്യയുടെ ഉപയോഗം കൈവരുത്തുന്നതിനുമായി ബിയോണ്ട് ടുമാറോ സമ്മേളനം കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്നു. ജൂലായ് 20 ന് കൊച്ചിയിലെ ലെ മെറെഡിയൻ ഹോട്ടലിലാണ് സമ്മേളനം. വ്യവസായ സംരംഭ സംഘടനായായ ഫിക്കി, ദി ആർട്ട് ഔട്ട്റീച്ച് സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെയാണ് ബിയോണ്ട് ടുമാറോ സംഘടിപ്പിക്കുന്നതെന്ന് കെഎസ് യുഎം വാർത്താസമ്മേളനത്തിൽ അറിയിച്ചു.സംസ്ഥാനത്തിൻറെ സാംസ്ക്കാരികവും സർഗ്ഗാത്മകവുമായ ഭാവിയെ പൂർണമായും ഉപയോഗപ്പെടുത്തി സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. യുനൈസ്കോ, ബ്രിട്ടീഷ് കൗൺസിൽ, എസ്എഐകെ, ടീംവർക്ക്സ് എന്നിവയും ഈ പരിപാടിയുമായി സഹകരിക്കുന്നുണ്ട്.

നയരൂപീകരണം, തൊഴിലവസരം സൃഷ്ടിക്കൽ, വിദ്യാഭ്യാസത്തിൽ കലാപഠനത്തിൻറെ സമന്വയം, ടൂറിസം, സാങ്കേതികവിദ്യ എന്നീ വിഷയങ്ങളിൽ ദേശീയഅന്തർദേശീയതലത്തിൽ നിന്നുള്ള പ്രമുഖർ സമ്മേളനത്തിലെ വിവിധ സെഷനുകളിൽ സംസാരിക്കും. സർഗ്ഗാത്മക രംഗത്തെ പുതിയ അവസരങ്ങൾ, നൂതനത്വത്തിലേക്കുള്ള പ്രയാണം, സുസ്ഥിരവളർച്ചയ്ക്കുള്ള പിന്തുണ എന്നിവയും ചർച്ചാ വിഷയങ്ങളാണ്.

ആഗോളതലത്തിലുള്ള വിദഗ്ധർ, നയകർത്താക്കൾ, സാങ്കേതിക പ്രവർത്തകർ തുടങ്ങിയവരുമായി ആശയവിനിമയം നടത്താൻ ഈ സമ്മേളനത്തിലൂടെ അവസരമുണ്ടാകും.

സംസ്ഥാനത്തിൻറെ ഭാവി ശോഭനമാക്കുന്നതിനുള്ള ആശയങ്ങളും നടപടികളും സമ്മേളനത്തിൽ ചർച്ചാ വിഷയമാകും.കെഎസ് യുഎം പ്രതിനിധി നാസിഫ് എൻ എം, എക്സിക്യൂട്ടീവ് ഡയറക്ടർ ഓഫ് ടാഓസ് താന്യ എബ്രഹാം എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ശോഭ ഫിലിംഫെയർ അവാർഡ്: നോമിനേഷനുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** കമാർ ഫിലിം ഫാക്ടറിയുടെ പങ്കാളിത്തത്തോടെ നടത്തുന്ന 69ാമത് ശോഭ ഫിലിംഫെയർ അവാർഡ്സ് സൗത്ത് 2024നുള്ള നോമിനേഷനുകൾ പ്രഖ്യാപിച്ചു. മലയാളം, തെലുങ്ക്, തമിഴ്, കന്നഡ സിനിമയിലെ അതുല്യപ്രതിഭകളെ ആദരിക്കുകയാണ് ചടങ്ങിന്റെ ലക്ഷ്യം. ബംഗളൂരുവിൽ നടന്ന പ്രഖ്യാപനച്ചടങ്ങിൽ അഭിനേതാക്കളായ മാളവിക മോഹനൻ, രുക്മിണി വാസന്ത്, ഫിലിംഫെയർ ചീഫ് എഡിറ്റർ ജിതേഷ് പിള്ള, ശോഭ ലിമിറ്റഡ് ചീഫ് മാർക്കറ്റിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ഓഫീസർ സുമീത് ചുങ്കറെ, കമാർ ഫിലിം ഫാക്ടറിയിലെ കമാർ ഡി എന്നിവർ ചേർന്ന് പുരസ്കാര ട്രോഫിയായ ബ്ലാക്ക് ലേഡിയെ അനാവരണം ചെയ്തു. മമ്മൂട്ടി, ചിരഞ്ജീവി, ഐശ്വര്യാ റായ് ബച്ചൻ, ചിന്മയി ശ്രീപദ, നാഗഭൂഷണ, മണിരത്നം, ആനന്ദ് ദേവരകൊണ്ട, മൃണാൽ താക്കൂർ, ബിജു മേനോൻ, ജോജു ജോർജ്, അനശ്വര രാജൻ, നവ്യ നായർ, സാമന്ത രൂത്ത് പ്രഭു, രമ്യാ കൃഷ്ണൻ, തൃഷ കൃഷ്ണൻ, രാമ, ആനന്ദ ശ്രീറാം, അരവിന്ദ് വേണുഗോപാൽ, ദർശൻ, രക്ഷിത് ഷെട്ടി, സുക, സിദ്ധാർത്ഥ്, ശ്രേയ ഘോഷാൽ തുടങ്ങിയവരുൾപ്പെടെയുള്ള താരങ്ങൾ ലിസ്റ്റിലിടം നേടി.






# ഗറില്ല 450 അവതരിപ്പിച്ച് റോയൽ എൻഫീൽഡ്

**കൊച്ചി :**450 സി.സി. എൻജിന്റെ കരുത്തുമായി റോയൽ എൻഫീൽഡിൽ നിന്ന് മറ്റൊരു മോഡൽ കൂടി നിരത്തുകളിലേക്ക് എത്തുന്നു്. ഗറില്ല 450 എന്ന പേരിൽ റെട്രോ റോഡ്സ്റ്റർ ബൈക്ക് ശ്രേണിയിലേക്കാണ് ഈ മോഡലിനെ റോയൽ എൻഫീൽഡ് പ്ലെയ്സ് ചെയ്തിരിക്കുന്നത്. മൂന്ന് വേരിയന്റുകളിൽ എത്തുന്ന ഈ പുതിയ മോഡലിന് 2.39 ലക്ഷം രൂപ മുതൽ 2.54 ലക്ഷം രൂപ വരെയാണ് ഇന്ത്യയിലെ എക്സ്ഷോറൂം വില. ഹിമാലയൻ 450യുമായി പ്ലാറ്റ്ഫോം പങ്കിട്ടെത്തുന്ന ആദ്യ മോഡൽ എന്ന സവിശേഷതയും ഗറില്ല 450ക്ക് ഉണ്ട്.അടിസ്ഥാന വേരിയന്റിന് അനലോഗ് എന്നും മധ്യനിര പതിപ്പിന് ഡാഷ് എന്നും ഉയർന്ന വകഭേദത്തിന് ഫ്ളാഷ് എന്നും പേര് നൽകിയാണ് ഗറില്ല 450 എത്തിയിരിക്കുന്നത്. അനലോഗ് വേരിയന്റ്റ് സ്മോക്ക്, പ്ലേയ ബ്ലാക്ക് എന്നീ നിറങ്ങളിലും, ഡാഷ് പതിപ്പ് പ്ലേയ ബ്ലാക്ക്, ഗോൾഡ് ഡിപ്പ് എന്നീ നിറങ്ങളിലും ഫ്ളാഷ് മോഡൽ യെല്ലോ റിബൺ, ബ്രാവ ബ്ലൂ എന്നീ നിറങ്ങളിലുമാണ് എത്തുന്നത്.

# സ്റ്റാർട്ടപ്പ് ബൂട്ട്ക്യാമ്പിന് തുടക്കം

**കൊച്ചി:** വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്താനും വ്യവസായ അക്കാഡമിക്ക് ബന്ധം ശക്തിപ്പെടുത്താനും എ പി ജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാല നടത്തുന്ന മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സ്റ്റാർട്ടപ്പ് ബൂട്ട്ക്യാമ്പിന് സ്റ്റാർട്ടപ്പ് മിഷന്റെ മേക്കർ വില്ലേജിൽ തുടക്കമായി. സർവകലാശാലയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച സ്റ്റാർട്ടപ്പ്ഐ പി ആർ സെല്ലിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടത്തിയ ഹാക്കത്തോണിൽ നിന്ന് തിരഞ്ഞെടുത്ത വിവിധ എൻജിനീയറിങ് കോളേജുകളിലെ 65 വിദ്യാർത്ഥികകളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.സംരംഭകത്വ പരിശീലനങ്ങൾ, നെറ്റ്വർക്കിങ് സെഷനുകൾ, ഗ്രൂപ്പ് പാനൽ ചർച്ച, ഐഡിയ പിച്ചിങ്, സ്റ്റാർട്ടപ്പ് മേഖലയിലെ വിദഗ്ധരുമായി സംവദിക്കാനുള്ള അവസരം എന്നിവ ബൂട്ട് ക്യാമ്പിൽ വിദ്യാർത്ഥികൾക്ക് ലഭിക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY

# തലച്ചോറിൽ അപൂർവ അന്യൂറിസം; അടിയന്തര ചികിത്സയുമായി മെഡിക്കൽ സംഘം

**തിരുവനന്തപുരം:** തലച്ചോറിൽ അന്യൂറിസം ബാധിച്ച് ഗുരുതരവസ്ഥയിലായിരുന്ന മുംബൈ സ്വദേശിനിയിൽ അടിയന്തര ചികിത്സയുമായി കിംസ്ഹെൽത്തിലെ മെഡിക്കൽ സംഘം. തിരുവനന്തപുരത്ത് അവധി ആഘോഷിക്കാനെത്തിയ 45 വയസ്സുകാരി കുളിമുറിയിൽ കുഴഞ്ഞ് വീഴുകയും തുടർന്ന് അടിയന്തരമായി എമർജൻസി മെഡിസിൻ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയുമായിരുന്നു. രോഗിയിൽ നടത്തിയ വിശദമായ ഡിജിറ്റൽ സബ്ട്രാക്ഷൻ ആൻജിയോഗ്രാഫിയിൽ (ഡിഎസ്എ) തലച്ചോറിലെ സെറിബെല്ലത്തിലേക്ക് രക്തം എത്തിക്കുന്ന പ്രധാന ധമനികളിലൊന്നിൽ 2 മില്ലീമീറ്ററിന് താഴെ വലുപ്പത്തിൽ കുമിളയുടെ രൂപത്തിലുള്ള അന്യൂറിസം കണ്ടെത്തുകയായിരുന്നു. അതിവേഗത്തിൽ ആശുപത്രിയിലെത്തിച്ചതിനാലും കൃത്യമായ രോഗനിർണ്ണയം സാധ്യമായതിനാലുമാണ് രോഗിയെ രക്ഷിക്കാൻ സാധിച്ചത്, അല്ലായിരുന്നെങ്കിൽ ഒരുപക്ഷെ ഇത് മരണത്തിന് വരെ കാരണമായേക്കാവുമെന്നും പ്രൊസീജിയറിന് നേതൃത്വം നൽകിയ ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റും ക്ലിനിക്കൽ ലീഡുമായ ഡോ. സന്തോഷ് ജോസഫ് പറഞ്ഞു. ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി ഇമേജിംഗ് & ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മനീഷ് കുമാർ യാദവ്, ഇമേജിംഗ് ആൻഡ് ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റും ചീഫ് കോർഡിനേറ്ററുമായ ഡോ. മാധവൻ ഉണ്ണി, ന്യൂറോ അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ശരത് സുരേന്ദ്രൻ എന്നിവർ പ്രൊസീജിയറിന്റെ ഭാഗമായി.



# കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് സിയാൽ അക്കാദമിയിൽ വിദഗ്ദ്ധ പരിശീലനം

**കൊച്ചി:** ഇന്ത്യയിലെ വിമാനത്താവളങ്ങളിൽ പ്രവർത്തിക്കുന്ന കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനുള്ള ധാരണാപത്രത്തിൽ കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡും (സി.ഐ.എ.എസ്.എൽ) നാഷണൽ അക്കാദമി ഓഫ് കസ്റ്റംസ്, ഇൻഡയറക്റ്റ് ടാക്സ്സ് ആൻഡ് നാർക്കോട്ടിക്സും (നാസിൻ) ഒപ്പുവച്ചു. കൊച്ചി വിമാനത്താവളത്തിൽ വച്ചു നടന്ന ചടങ്ങിൽ മന്ത്രി ശ്രീ പി.രാജീവിന്റെ സാന്നിധ്യത്തിൽ സിയാൽ മാനേജിങ് ഡയറക്ടറും സി.ഐ.എ.എസ്.എൽ ചെയർമാനുമായ എസ്. സുഹാസ് ഐ.എ.എസും നാസിൻ അഡിഷണൽ ഡയറക്ടർ രാജേശ്വരി ആർ. നായർ ഐ.ആർ.എസും ധാരണാപത്രം കൈമാറി. നാസിനെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് ഡയറക്ടർ എം. എസ്. സുരേഷും സിയാൽ അക്കാദമിയെ പ്രതിനിധീകരിച്ച് മാനേജിംഗ് ഡയറക്ടർ സന്തോഷ് ജെ. പൂവട്ടിലുമാണ് ധാരണപത്രം ഒപ്പു വച്ചത് . ബെന്നി ബെഹനാൻ എം.പി, എം.എൽ.എ മാരായ റോജി എം. ജോൺ, അൻവർ സാദത്ത്, നാസിൻ ഉദ്യോഗസ്ഥർ, സിയാൽ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

വിമാനത്താവളങ്ങളിലെ കസ്റ്റംസ് ഉദ്യോഗസ്ഥർക്കായി നൂതന സിമുലേഷൻ അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബാഗേജ് പരിശോധനയിലുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് പരിശീലനം നൽക്കുക എന്ന ലക്ഷ്യത്തോടെയാണ് ധാരണപത്രം തയ്യാറാക്കിയിട്ടുള്ളത്. കാർഗോ ഇൻസ്പെക്ഷൻ പരിശീലനം, മയക്ക് മരുന്ന് ഉപയോഗം തടയുന്നതിനായി പൊതുജനങ്ങൾക്കായുള്ള ബോധവത്കരണ ക്ലാസ്സുകൾ എന്നിവയും സിയാൽ അക്കാദമിയും നാസിനും സഹകരിച്ച് നടത്താൻ ധാരണയായി. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലും സാമൂഹിക വളർച്ചയിലും നിർണായക പങ്കു വഹിക്കുന്ന നാസിനുമായി ചേർന്ന് പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ടെന്ന് സിയാൽ എം.ഡിയും സിയാൽ അക്കാദമി ചെയർമാനും കൂടിയായ എസ്. സുഹാസ് ഐ.എ.എസ് പറഞ്ഞു. 2009ൽ സ്ഥാപിതമായ സിയാൽ ഏവിയേഷൻ അക്കാദമി, വിമാനത്താവളങ്ങളിലും വ്യോമയാന മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ഉദ്യോഗാർഥികൾക്കായി വ്യോമയാന വ്യവസായഅധിഷ്ഠിത പരിശീലന ക്ലാസുകൾ നൽകിവരുന്നു . കേന്ദ്ര ധനമന്ത്രാലയത്തിന്റെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡെറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിന് (സി.ബി. ഐ. സി ) കീഴിലുള്ള പരമോന്നത പരിശീലന സ്ഥാപനമാണ് നാസിൻ. നാസിൻ കൊച്ചി ഡയറക്ടർസായ ഡോ. സന്തോഷ് കുമാർ ഐ.ആർ.എസ്, വി.ബി. സുബ്രമണ്യൻ ഐ.ആർ.എസ്, സാബു ഫിലിപ്പ് ഐ.ആർ.എസ്, ശ്രീനിവാസ് പിള്ള ഐ.ആർ.എസ് , കൊച്ചി എയർപോർട്ട് ഡയറക്ടർ മനു ജി. എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.



## ഓർമ്മകളിൽ ജനനായകൻ

# ഉമ്മൻചാണ്ടി മെമ്മോറിയൽ ബെനവലെന്റ് പദ്ധതിക്ക് തുടക്കം കുറിച്ച് യൂത്ത് കോൺഗ്രസ്

**കോലഞ്ചേരി:** യൂത്ത് കോൺഗ്രസ് കുന്നത്തുനാട് നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അനുസ്മരണം നടത്തി. അദ്ദേഹത്തോടുള്ള ആദര സൂചകമായി യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം കമ്മിറ്റി നടപ്പിലാക്കുന്ന ഉമ്മന്ചാണ്ടി മെമ്മോറിയൽ ബെനവലന്റ് പദ്ധതിയുടെ ഉദ്ഘാടനവും പ്രഥമ ഉമ്മൻചാണ്ടീ യൂത്ത് പ്ലസ് എക്സലൻസ് അവാർഡ് വിതരണവും നടത്തി.

നിയോജകമണ്ഡലം പ്രസിഡന്റ് ജെയ്സൽ ജബ്ബാർ അധ്യക്ഷത വഹിച്ച യോഗം മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്ത് ലോഗോ പ്രകാശനവും നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ജിൻഷാദ് ജിന്നാസ് 10 രോഗികൾക്ക് ഡയാലിസിസിനുള്ള തുകയും വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ് സി.പി.ജോയും വിതരണം ചെയ്ത് പദ്ധതികൾക്ക് തുടക്കം കുറിച്ചു. യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി സോയ്മോൻ സണ്ണി മുഖ്യാഥിതിയായി. ആതുര സേവന രംഗത്തെ സമഗ്ര സംഭാവനക്ക് , നിയോജകമണ്ഡലത്തിലെ ഏക സൗജന്യ ഡയാലിസിസ് സ്ഥാപനമായ 'നന്മ ഡയാലിസിസ് സെന്റർ പെരിങ്ങാലക്ക്' പ്രഥമ ഉമ്മൻചാണ്ടി യൂത്ത് പ്ലസ് എക്സലൻസ് അവാർഡ് നൽകി ആദരിച്ചു. ഷെഫീഖ് ഇ വൈ, ഷാനവാസ് ഇ എ,അർഷാദ് ബിൻ സുലൈമാൻ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

കെ.പി.തങ്കപ്പൻ,എം.ടി ജോയ്, കെ.വി. എൽദോ, അനിബെൻ കുന്നത്ത്, അരുൺ വാസു, ശ്രീനാഥ് എസ്, അമൽ അയ്യപ്പൻകുട്ടി, ബിബിൻ വർഗീസ്, ഷെഫീഖ് തേക്കാലക്കുടി, അരുൺ പാലിയത്ത്, മുഫസൽ എം.പി, എൽദോസ് ബാബു, ഷാഹിർ മുഹമ്മദ്,ഷൈജു പി.എസ്, റമീസ്, റെജിൻ രവി, ബേസിൽ കിഴക്കഞ്ചേരിൽ, ആമിന ഫൈസൽ, എമി കെ എൽദോ, അജാസ് മുഹമ്മദ്, ഗോപി കൃഷ്ണൻ,നൗഫൽ മാഹിൻ, ബേസിൽ തങ്കച്ചൻ, ടിനോയ് ഐക്കരനാട്, ഫവാസ്, റെയ്ഹാൻ അഹമ്മദ് തുടങ്ങിയവർ നേതൃത്വം നൽകി.

# തൊടുപുഴ ജില്ലാ ആശുപത്രിയിയിൽ വിവിധ ആവശ്യങ്ങൾക്കായി ടെൻഡർ ക്ഷണിച്ചു

**തൊടുപുഴ:** ജില്ലാ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ടെണ്ടർ അപേക്ഷ നൽകാം. ജൂലൈ 30 ന് വൈകിട്ട് 3 വരെ ടെണ്ടർ ഫോമുകൾ ലഭിക്കും. ജൂലൈ 31 ന് 11 വരെ ടെണ്ടർ അപേക്ഷകൾ സ്വീകരിക്കുന്നതും തുടർന്ന് ഉച്ചക്ക് 2.30 ന് തുറന്ന് പരിശോധിക്കുന്നതുമാണ്.

യുഎസ്ജി, സി റ്റി, എംആർഐ എന്നീ സ്കാനിംഗുകൾ ലഭ്യമാക്കുന്നതിന് ജൂലൈ 29 ന് വൈകിട്ട് 3 മണി വരെ ഫോമുകൾ ലഭിക്കും. ജൂലൈ 30 ന് 11 വരെ ടെണ്ടർ അപേക്ഷകൾ സ്വീകരിക്കുന്നതും തുടർന്ന് ഉച്ചക്ക് 2.30 ന് തുറന്ന് പരിശോധിക്കുന്നതുമാണ്.

ലാബ് ടെസ്റ്റുകൾ ചെയ്ത് നൽകുന്നതിന് ജൂലൈ 29 ന് വൈകിട്ട് 3 മണി വരെ ടെണ്ടർ ഫോമുകൾ ലഭിക്കും. ജൂലൈ 30 ന് 11 മണി വരെ ടെണ്ടർ അപേക്ഷകൾ സ്വീകരിക്കുന്നതും തുടർന്ന് ഉച്ചക്ക് 2.30 ന് തുറന്ന് പരിശോധിക്കുന്നതുമാണ്.

പ്രൈമറി പാലിയേറ്റീവിന് ഹോംകെയർ സെക്കൻഡ് യൂണിറ്റിന്സീ ഏഴ് സീറ്റ് വാഹനം ലഭ്യമാക്കുന്നതിന് ജൂലൈ 31 ന് വൈകിട്ട് 3 മണി വരെ ടെണ്ടർ ഫോമുകൾ ലഭിക്കും.

ആഗസ്റ്റ് 01 ന് 12 വരെ ടെണ്ടർ അപേക്ഷകൾ സ്വീകരിക്കുന്നതും തുടർന്ന് ഉച്ചക്ക് 2.30 ന് തുറന്ന് പരിശോധിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് 04862 222630



# സീക്രട്ട്; ട്രെയ്‌ലർ റിലീസ് ചെയ്തു

തന്റെ തിരക്കഥകളിലൂടെ സൂപ്പർ ഹിറ്റ് ചിത്രങ്ങൾ മലയാളിക്ക് സമ്മാനിച്ച എസ് എൻ സ്വാമി ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രം സീക്രട്ടിന്റെ ട്രയ്‌ലർ മമ്മൂട്ടി റിലീസ് ചെയ്തു. കൊച്ചിയിൽ നടന്ന ട്രെയ്‌ലർ റിലീസ് ചടങ്ങിൽ എസ് എൻ സ്വാമി, മമ്മൂട്ടി, ഗൗതം മേനോൻ, കലേഷ് രാമാനന്ദ് തുടങ്ങിയ താരങ്ങളും അണിയറ പ്രവർത്തകരും പങ്കു ചേർന്നു. മമ്മൂട്ടി കമ്പനിയുടെ സോഷ്യൽ മീഡിയ പേജുകളിലും, പൃഥ്വിരാജ്, ടൊവിനോ തോമസ്, ബേസിൽ ജോസഫ് എന്നിവരുടെ സോഷ്യൽ മീഡിയാ പേജുകളിൽ കൂടെയാണ് ട്രയ്‌ലർ പ്രേക്ഷകരിലേക്കെത്തിയത്. മലയാള സിനിമയിൽ ഇതുവരെ വരാത്ത ഒരു പുതിയ ആശയം തന്റെ തിരക്കഥയിൽ യുവതാരങ്ങളെ കേന്ദ്ര കഥാപാത്രങ്ങളിൽ എത്തിച്ചാണ് എസ് എൻ സ്വാമി പ്രേക്ഷകരുമായി പങ്കു വയ്ക്കുന്നത്. പ്രേക്ഷകരെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തുന്ന ട്രെയ്‌ലറാണ് അണിയറപ്രവർത്തകർ റിലീസ് ചെയ്തത്. ജൂലൈ 26നു സീക്രട്ട് തിയേറ്ററുകളിലേക്കെത്തും.

ലക്ഷ്മി പാർവതി വിഷന്റെ ബാനറിൽ രാജേന്ദ്ര പ്രസാദ് നിർമ്മിച്ച സീക്രട്ടിൽ ധ്യാൻ ശ്രീനിവാസൻ, അപർണാ ദാസ്, ജേക്കബ് ഗ്രിഗറി, കലേഷ് രാമാനന്ദ്, ആർദ്രാ മോഹൻ, രഞ്ജിത്ത്, രഞ്ജി പണിക്കർ, ജയകൃഷ്ണൻ, സുരേഷ് കുമാർ, അഭിരാം രാധാകൃഷ്ണൻ, മണിക്കുട്ടൻ എന്നിവരാണ് സീക്രട്ടിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. എസ്.എൻ സ്വാമി കഥയും തിരക്കഥയും ഒരുക്കി സംവിധാനം നിർവഹിക്കുന്ന സീക്രട്ടിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത് ജേക്സ് ബിജോയാണ്. ഡി.ഒ.പി : ജാക്സൺ ജോൺസൺ, എഡിറ്റിങ് : ബസോദ് ടി ബാബുരാജ്, ആർട്ട് ഡയറക്ടർ : സിറിൽ കുരുവിള, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : രാകേഷ്.ടി.ബി, പ്രൊഡക്ഷൻ കൺട്രോളർ : അരോമ മോഹൻ, കോസ്റ്റ്യൂം : സ്റ്റെഫി സേവിയർ, മേക്കപ്പ് : സിനൂപ് രാജ്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ : ശിവറാം, സൗണ്ട് ഡിസൈൻ : വിക്കി, കിഷൻ. അസ്സോസിയേറ്റ് ഡയറക്ടർ : വിഷ്ണു ചന്ദ്രൻ, ആക്ഷൻ ഡയറക്ടർ : ഫീനിക്സ് പ്രഭു, ഫൈനൽ മിക്സ് : അജിത് എ ജോർജ്, വി എഫ് എക്സ് : ഡിജിബ്രിക്ക്സ്, ഡി ഐ: മോക്ഷ, സ്റ്റിൽസ് : നവീൻ മുരളി, പബ്ലിസിറ്റി ഡിസൈനർ : ആന്റണി സ്റ്റീഫൻ, പി ആർ ഓ : പ്രതീഷ് ശേഖർ.


## വിടുതലൈ പാർട്ട് 2; ഫസ്റ്റ് ലുക്ക് പോസ്റ്റർ




പ്രേക്ഷക പ്രശംസയും നിരൂപക പ്രശംസയും അംഗീകാരങ്ങളും കരസ്ഥമാക്കി ഭാഷാഭേദമന്യേ ഗംഭീര വിജയം തിയേറ്ററിൽ കരസ്ഥമാക്കിയ വിടുതലൈ ചിത്രത്തിന് ശേഷം വിടുതലൈ രണ്ടാം ഭാഗത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു. രണ്ടു പോസ്റ്ററുകളാണ് ഫസ്റ്റ് ലുക്കായി റിലീസ് ചെയ്തത്. വെട്രിമാരൻ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ വിജയ് സേതുപതി, സൂരി, മഞ്ജു വാര്യർ, അനുരാഗ് കശ്യപ്, കിഷോർ, ഗൗതം വാസുദേവ് മേനോൻ, രാജീവ് മേനോൻ, ചേതൻ എന്നിവരാണ് വിടുതലൈ രണ്ടിലെ പ്രധാന താരങ്ങൾ. ആർ എസ് ഇൻഫോടൈൻമെന്റിന്റെ ബാനറിൽ എൽറെഡ് കുമാറാണ് വിടുതലൈ രണ്ടാം ഭാഗത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്.

വിടുതലൈ പാർട്ട് 2ന്റെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത് ഇളയരാജയാണ്. വിടുതലൈ രണ്ടാം ഭാഗത്തിന്റെ ചിത്രീകരണത്തിന്റെ അവസാനഘട്ട ജോലികൾ നടക്കുന്നതായി അണിയറപ്രവർത്തകർ വ്യക്തമാക്കി . വിടുതലൈ പാർട്ട് 2ന്റെ ഡി ഓ പി : ആർ. വേൽരാജ്, കലാസംവിധാനം : ജാക്കി, എഡിറ്റർ : രാമർ , കോസ്റ്റ്യൂം ഡിസൈനർ : ഉത്തര മേനോൻ, സ്റ്റണ്ട്സ് : പീറ്റർ ഹെയ്ൻ & സ്റ്റണ്ട് ശിവ

സൗണ്ട് ഡിസൈൻ : ടി. ഉദയകുമാർ, വി എഫ് എക്സ് : ആർ ഹരിഹരസുദൻ, പി. ആർ.ഓ : പ്രതീഷ് ശേഖർ.




## ഓപ്പറേഷൻ റാഹത്

ശരത് കുമാറിനെ നായക കഥാപാത്രമാക്കി മേജർ രവി സംവിധാനം ചെയ്യുന്ന 'ഓപ്പറേഷൻ റാഹത് ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.ഏഴു വർഷത്തെ ഇടവേളയ്ക്കു ശേഷം മേജർ രവി ഒരുക്കുന്ന 'ഓപ്പറേഷൻ റാഹത് 'എന്ന പുതിയ ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ, നാളുകൾക്ക് മുമ്പ് റിലീസായത് ഏറേ ശ്രദ്ധേയമായിരുന്നു. പ്രസിഡൻഷ്യൽ മൂവീസ് ഇന്റർനാഷണലിന്റെ ബാനറിൽ ആഷ്‌ലിൻ മേരി ജോയ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അർജുൻ രവി നിർവ്വഹിക്കുന്നു.കഥ തിരക്കഥകൃഷ്ണകുമാർ കെ എഴുതുന്നു.2015ൽ സൗദി അറേബ്യയും സഖ്യകക്ഷികളും നടത്തിയ സൈനിക ഇടപെടലിനെത്തുടർന്ന് യെമനിൽ നിന്ന് ഇന്ത്യൻ പൗരന്മാരെയും വിദേശികളെയും ഒഴിപ്പിക്കാനുള്ള ഇന്ത്യൻ സായുധ സേനയുടെ പ്രവർത്തനമായിരുന്നു ഓപ്പറേഷൻ റാഹത്. ഈ ഓപ്പറേഷനെ അടിസ്ഥാനമാക്കിയാണ് മേജർ രവി ഈ ചിത്രം ഒരുക്കുന്നത്. ഹിന്ദി, മലയാളം, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായാണ് ചിത്രം പുറത്തിറങ്ങുക.. എഡിറ്റർഡോൺ മാക്സ്, സംഗീതംരഞ്ജിൻ രാജ്, ചീഫ് എക്സിക്യൂട്ടീവ് ബെന്നി തോമസ്, വസ്ത്രാലങ്കാരംവി സായ് ബാബു, കലാസംവിധാനം ഗോകുൽ ദാസ്, മേക്കപ്പ്റോണക്സ് സേവ്യർ, പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി മേനോൻ,അസോസിയേറ്റ് ഡയറക്ടർപരീക്ഷിത്ത് ആർ എസ്,ഫിനാൻസ് കൺട്രോളർഅഗ്രാഹ് പി, കാസ്റ്റിംഗ് ഡയറക്ടർ രതീഷ് കടകം, ഡിജിറ്റൽ മാർക്കറ്റിംഗ് അനൂപ് സുന്ദരൻ,സ്റ്റിൽസ്ഹരി തിരുമല,പബ്ലിസിറ്റി ഡിസൈൻ സുഭാഷ് മൂൺമാമ, പി ആർ ഒ എ എസ് ദിനേശ്.




## ഒരു ജാതി ജാതകം ആഗസ്റ്റ് 22ന്

വിനീത് ശ്രീനിവാസൻ,നിഖില വിമൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിഎം മോഹനൻ സംവിധാനം ചെയ്യുന്ന 'ഒരു ജാതി ജാതകം ' ആഗസ്റ്റ് ഇരുപത്തിരണ്ടിന് പ്രദർശനത്തിനെത്തുന്നു.ബാബു ആന്റണി,പി പി കുഞ്ഞികൃഷ്ണൻ, മൃദുൽ നായർ,ഇഷാ തൽവാർ വിധു പ്രതാപ്,സയനോര ഫിലിപ്പ്,കയാദു ലോഹർ,രഞ്ജി കങ്കോൽ,അമൽ താഹ,ഇന്ദു തമ്പി,രഞ്ജിത മധു,ചിപ്പി ദേവസ്യ,വർഷ രമേശ്,പൂജ മോഹൻരാജ്,ഹരിത പറക്കോട്,ഷോൺ റോമി,ശരത്ത് ശഭ,നിർമ്മൽ പാലാഴി, വിജയകൃഷ്ണൻ, ഐശ്വര്യ മിഥുൻ കൊറോത്ത്,അനുശ്രീ അജിതൻ, അരവിന്ദ് രഘു, തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.വർണച്ചിത്രയുടെബാനറിൽ മഹാസുബൈർനിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിശ്വജിത് ഒടുക്കത്തിൽനിർവ്വഹിക്കുന്നു.രാകേഷ് മണ്ടോടി തിരക്കഥ സംഭാഷണം എഴുതുന്നു എഡിറ്റർരഞ്ജൻ എബ്രഹാം,ഗാനരചനമനു മഞ്ജിത്ത്,സംഗീതം ഗുണബാലസുബ്രമണ്യം,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസൈനുദ്ദീൻ,കല ജോസഫ് നെല്ലിക്കൽ,മേക്കപ്പ് ഷാജിപുൽപള്ളി,വസ്ത്രാലങ്കാരം റാഫി കണ്ണാടിപ്പറമ്പ്.കോറൈറ്റർ സരേഷ് മലയൻകണ്ടി,പ്രൊഡക്ഷൻ കൺട്രോളർ ഷമീജ് കൊയിലാണ്ടി,ക്രിയേറ്റീവ് ഡയറക്ടർ മനു സെബാസ്റ്റ്യൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ അനിൽ എബ്രാഹം, ഫിനാൻസ് കൺട്രോളർ ഉദയൻ കപ്രശ്ശേരി,കാസ്റ്റിംഗ് ഡയറക്ടർ പ്രശാന്ത് പാട്യം, അസോസിയേറ്റ് ഡയറക്ടർ ജയപ്രകാശ് തവനൂർ,ഷമീം അഹമ്മദ്, അസിസ്റ്റന്റ് ഡയറക്ടർ റോഷൻ പാറക്കാട്,നിർമ്മൽ വർഗ്ഗീസ്,സമർ സിറാജുദിൻ,കളറിസ്റ്റ് ലിജു പ്രഭാകർ,സൗണ്ട് ഡിസൈൻസച്ചിൻ സുധാകരൻ,സൗണ്ട് മിക്സിംഗ്വിപിൻ നായർ,വിഎഫ്എക്സ്സർജാസ് മുഹമ്മദ്, കൊറിയോഗ്രാഫർഅർച്ചന മാസ്റ്റർ,ആക്ഷൻപിസി സ്റ്റണ്ട്സ്,സ്റ്റിൽസ്പ്രേംലാൽ പട്ടാഴി, പരസ്യക്കലയെല്ലോ ടൂത്ത്സ്,ടൈറ്റിൽ ഡിസൈൻഅരുൺ പുഷ്കരൻ,പ്രൊഡക്ഷൻ എക്സിക്യുട്ടീവ്നസീർ കൂത്തുപറമ്പ്,അബിൻ എടവനക്കാട്, മാർക്കറ്റിംഗ്, വിതരണംവർണ്ണച്ചിത്ര,പി ആർ ഒഎ എസ് ദിനേശ്.



# സിപിപിആർ 20ാം വാർഷിക പരിപാടികൾക്ക് തുടക്കമായി

**കൊച്ചി:** കൊച്ചി ആസ്ഥാനമായ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ചിന്റെ (സിപിപിആർ) 20ാം വാർഷിക പരിപാടികൾക്ക് തുടക്കമായി. എറണാകുളം എം.ജി റോഡിലെ ഗ്രാന്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കൊച്ചി കോർപറേഷൻ മേയർ എം അനിൽകുമാർ പരിപാടികളുടെ ഒദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് അമേരിക്കയിലെ ബ്രൗൺ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ പ്രൊഫ. അശുതോഷ് വർഷ്നി 'ഇന്ത്യയുടെ ജനാധിപത്യം: പരിണാമവും വെല്ലുവിളികളും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. 20ാം വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന കാര്യപരിപാടികളാണ് സിപിപിആർ പദ്ധതിയിടുന്നത്. പബ്ലിക് പോളിസി ഫെസ്റ്റിവൽ, കൊച്ചി ഡയലോഗ്, കേരള വിഷൻ 2040, തുടങ്ങിയ പരിപാടികളാണ് പദ്ധതിയിലുള്ളത്. 2040ലേക്കുള്ള കേരളത്തിന്റെ വികസനം, സമ്പദ്വ്യവസ്ഥ, നിക്ഷേപങ്ങൾ, ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ, നഗരവൽക്കരണം, സാഹിത്യം തുടങ്ങിയവയെക്കുറിച്ചുള്ള സംഭാഷണങ്ങളാണ് കേരള വിഷൻ 2040ൽ ഉണ്ടാവുക. അന്താരാഷ്ട്രീയ വിഷയങ്ങളും ചർച്ചകളും ഉൾക്കൊള്ളുന്നതാണ് കൊച്ചി ഡയലോഗ്. ദേശീയ തലത്തിലുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പരിപാടിയാണ് പബ്ലിക് പോളിസി ഫെസ്റ്റിവൽ. പദ്ധതികളുടെ ഔദ്യോഗിക പ്രഖ്യാപനം സിപിപിആർ ചെയർമാൻ ഡി ധനുരാജ് നടത്തി.

# മിയാ ബൈ തനിഷ്കിന്റെ നെവർ ബിഫോർ സെയിൽ



**കൊച്ചി:** മുൻനിര ജൂവല്ലറി ബ്രാൻഡുകളിലൊന്നായ മിയാ ബൈ തനിഷ്ക്ക് 'നെവർ ബിഫോർ സെയിൽ' പ്രഖ്യാപിച്ചു. ഓഫർ സെയിലിൻറെ ഭാഗമായി ഉപഭോക്താക്കൾക്ക് പണിക്കൂലിയുടെ 110 ശതമാനം വരെ ഇളവു ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.ആകർഷകമായ ഡിസൈനുകളിലുള്ള ആഭരണങ്ങൾ മികച്ച വിലയിൽ വാങ്ങാനുള്ള അവസരമാണ് നെവർ ബിഫോർ സെയിലിലൂടെ ലഭ്യമാക്കുന്നത്. നെവർ ബിഫോർ സെയിലിൻറെ ഭാഗമായി ഒരു ആഭരണം വാങ്ങുമ്പോൾ പണിക്കൂലിയിൽ 50 ശതമാനം ഇളവും രണ്ട് ആഭരണം വാങ്ങുമ്പോൾ പണിക്കൂലിയിൽ 100 ശതമാനം ഇളവും ലഭിക്കും. നാല് ആഭരണങ്ങൾ വാങ്ങുമ്പോൾ അതിൽ ഏറ്റവും വില കുറഞ്ഞ ആഭരണം സൗജന്യമായും ലഭിക്കും. പഴയ തനിഷ്ക്, മിആ ആഭരണങ്ങൾ എക്സ്ചേഞ്ച് ചെയ്ത് ഈ ആനുകൂല്യങ്ങൾക്കു പുറമെ അധികമായി 10 ശതമാനം ഇളവും നേടാം.

അത്യാകർഷകമായ ഡിസൈനുകളിലുള്ള സ്റ്റഡുകൾ, മോതിരങ്ങൾ, ബ്രെയ്സ്ലെറ്റുകൾ, ഇയർ റിങ്ങുകൾ, ഇയർ കഫുകൾ, നെക്ലസുകൾ, പെൻഡൻറുകൾ തുടങ്ങിയ വിപുലമായ ആഭരണ ശേഖരമാണ് നെവർ ബിഫോർ സെയിലിലൂടെ ലഭ്യമാക്കുന്നത്. 14 കാരറ്റ് സ്വർണത്തിലുള്ള ഇരുന്നൂറിലേറെ ഡിസൈനുകളുമായി സ്റ്റാർബസ്റ്റ് ശേഖരവും മിആയുടെ നേചേഴ്സ് ഫൈനെസ്റ്റ് ശേഖരവും ഡയമണ്ട് സോഡിയാക് പെൻഡൻറുകളും സെയിലിൻറെ ഭാഗമായി ലഭിക്കും. 2024 ജൂലൈ 30 വരെ മാത്രമായിരിക്കും നെവർ ബിഫോർ സെയിൽ ഓഫറുകൾ ലഭ്യമാവുക.

# സൗത്ത് ഇന്ത്യൻ ബാങ്കിന് 294 കോടി രൂപ അറ്റാദായം

SOUTH INDIAN Bank

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷം ഒന്നാം പാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് മികച്ച അറ്റാദായം. 45 ശതമാനം വാർഷിക വർധനയോടെ 294 കോടി രൂപയാണ് ബാങ്ക് നേടിയ ലാഭം. മുൻ വർഷം ഇതേ കാലയളവിൽ 202 കോടി രൂപയായിരുന്നു. 2024 ജൂൺ 30ന് അവസാനിച്ച പാദത്തിൽ ബാങ്കിന്റെ പ്രവർത്തന ലാഭം മുൻ വർഷത്തെ 490.24 കോടി രൂപയിൽ നിന്ന് 507.68 കോടി രൂപയായും വർധിച്ചു. 3.56 ശതമാനമാണ് വളർച്ച.മൊത്ത നിഷ്ക്രിയ ആസ്തി മുൻ വർഷത്തെ 5.13 ശതമാനത്തിൽ നിന്നും 63 പോയിന്റുകൾ കുറച്ച് 4.50 ശതമാനമാനത്തിലെത്തിച്ചു. അറ്റ നിഷ്ക്രിയ ആസ്തി 41 പോയിന്റുകൾ കുറച്ച് 1.85 ശതമാനത്തിൽ നിന്നും 1.44 ശതമാനമാനത്തിലെത്തിക്കാനും ബാങ്കിനു കഴിഞ്ഞു. ഓഹരികളിന്മേലുള്ള വരുമാനം വാർഷികാടിസ്ഥാനത്തിൽ 11.80 ശതമാനത്തിൽ നിന്നും 12.90 ശതമാനമായി ഉയർന്നു. ആസ്തികളിന്മേലുള്ള വരുമാനം 0.73 ശതമാനത്തിൽ നിന്നും 1.00 ശതമാനമായും വർധിച്ചു.

അറ്റ പലിശ വരുമാനം 7.18 ശതമാനം വർധിച്ച് 865.77 കോടി രൂപയിലെത്തി. പിസിആർ, എഴുതിത്തള്ളലിനു പുറമെ 65.15 ശതമാനത്തിൽ നിന്നും 69.05 ശതമാനമായി ഉയർന്നു. എഴുതിത്തള്ളൽ ഉൾപ്പടെ 76.54 ശതമാനത്തിൽ നിന്നും 79.22 ശതമാനമായി ഉയർന്നു.റീട്ടെയ്ൽ നിക്ഷേപങ്ങൾ 8.37 ശതമാനം വർധിച്ച് 99,745 കോടി രൂപയിലെത്തി. പ്രവാസി (എൻ.ആർ.ഐ) നിക്ഷേപം 6.06 ശതമാനം വർധിച്ച് 30,102 കോടി രൂപയിലെത്തി. മുൻ വർഷം ഈ കാലയളവിൽ 28,382 കോടി രൂപയായിരുന്നു ഇത്. മുൻ വർഷത്തെ അപേക്ഷിച്ച് കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിങ്സ് അക്കൗണ്ട്) നിക്ഷേപം 6.51 ശതമാനം വർധിച്ചു. സേവിങ്സ് ബാങ്ക് നിക്ഷേപത്തിൽ 4.87 ശതമാനവും കറന്റ് അക്കൗണ്ട് നിക്ഷേപത്തിൽ 14.80 ശതമാനവുമാണ് വർധന.വായ്പാ വിതരണത്തിൽ 11.44 ശതമാനം വളർച്ച വാർഷികാടിസ്ഥാനത്തിൽ കൈവരിച്ചു.

74,102 കോടി രൂപയിൽ നിന്നും 82,580 കോടി രൂപയിലെത്തി. കോർപറേറ്റ് വായ്പകൾ 23.48 ശതമാനം വാർഷിക വർധനയോടെ 27,522 കോടി രൂപയിൽ നിന്നും 33,984 കോടി രൂപയിലെത്തി. ഇവയിൽ എ റേറ്റിങ്ങും അതിനു മുകളിലുമുള്ള അക്കൗണ്ടുകളുടെ വിഹിതം വാർഷികാടിസ്ഥാനത്തിൽ 94 ശതമാനത്തിൽ നിന്നും 96 ആയി വർധിച്ചു. ˘ലസസവേശസശറമ വായ്പ 1,935 കോടി രൂപയിൽ നിന്ന് 2,312 കോടി രൂപയായും, സ്വർണ വായ്പകൾ 14,478 കോടി രൂപയിൽ നിന്ന് 16,317 കോടി രൂപയായും വർധിച്ചു. 12.70 ശതമാനമാണ് സ്വർണ വായ്പകളുടെ വാർഷിക വളർച്ചയെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു.18.11 ശതമാനമാണ് ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം.

